**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 579** **02-02-2023 - ൽ മറുപടിയ്ക്ക്**

**നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | നികുതി വെട്ടിപ്പ് കാര്യക്ഷമമായി തടയുന്നതിനും നികുതി പിരിവ് ഊർജിതമാക്കുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ജി എസ് ടി റിട്ടേണുകളുടെ വിശദപരിശോധന വഴി വ്യാപാരികൾ പിരിച്ചെടുത്ത നികുതി പൂർണമായും സർക്കാരിലേക്ക് ഒടുക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ജി എസ് ടി യുമായി ബന്ധപ്പെട്ട ഡാറ്റ തത്സമയം കൃത്യമായി ലഭിക്കുന്നതിലേക്കായി ജി എസ് ടി എൻ വികസിപ്പിച്ചെടുത്ത ബാക്ക് ഓഫീസ് സോഫ്റ്റ് വെയർ സംവിധാനത്തിലേക്ക് വകുപ്പ് പൂർണമായും മാറുകയുണ്ടായി. തത്ഫലമായി റിട്ടേണുകളുടെ സൂക്ഷ്മപരിശോധന, മൂല്യനിർണ്ണയം, ഓഡിറ്റ്, അപ്പീൽ, എൻഫോഴ്സ്മെന്റ്, റീഫണ്ട് തുടങ്ങിയ ബാക്ക് ഓഫീസ് ഫംഗ്ഷനുകൾക്കായി ഉദ്യോഗസ്ഥർ ഈ സംവിധാനം ഉപയോഗിക്കും. ജി എസ് ടി നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി വകുപ്പിന്റെ പുനഃസംഘടന ഇതിനോടകം പൂർത്തിയായിട്ടുണ്ട്. ഇതിലൂടെ വകുപ്പിന്റെ നികുതിദായക സേവനം, ഓഡിറ്റ്, ഇന്റലിജൻസ് &എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുന്നതാണ്. നികുതി വെട്ടിപ്പിനെ സംബന്ധിച്ച അവബോധം പൊതുജനങ്ങളിൽ ഉണ്ടാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും പൊതുജനങ്ങളെ കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള പല പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ഓൺലൈൻ സാങ്കേതിക സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വകുപ്പിലെ ജീവനക്കാർക്ക് |

| | | | |
|---|---|---|---|
| | | | മികച്ച പരിശീലനം നൽകുന്നതിനുമുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| (ബി) | വ്യാജ ബില്ലുകൾ തടയുന്നതിനും റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനും ഓഡിറ്റ്, എൻഫോഴ്സ്മെന്റ് നടപടി തുടങ്ങിയവ ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | വാഹന പരിശോധന, കടപരിശോധന എന്നിവയിലൂടെ വ്യാജ ബില്ലുകൾ കണ്ടെത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് സംവിധാനങ്ങൾ വകുപ്പിൽ പ്രവർത്തിച്ച് വരുന്നു. റിട്ടേൺ സ്ക്രൂട്ടണി ഫലപ്രദമായി നടത്തുന്നതിനുള്ള സംവിധാനങ്ങൾ എല്ലാ ജില്ലകളിലെയും ടാക്സ് പേയർ സർവീസ് യൂണിറ്റുകളിൽ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ കാര്യക്ഷമമായി ഓഡിറ്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനായി എല്ലാ ജില്ലകളിലും ഡെപ്യൂട്ടി കമ്മീഷണർമാരുടെ നേതൃത്വത്തിൽ ഓഡിറ്റ് ഡിവിഷനുകൾ രൂപീകരിച്ചിട്ടുണ്ട്. വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 47 **എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.** |
| (സി) | വ്യാജ ബില്ലുകൾ ഉണ്ടാക്കി നികുതി വെട്ടിപ്പ് നടത്തുന്ന റാക്കറ്റ് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇതിനെ കാര്യക്ഷമമായി നേരിടാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | നികുതി വെട്ടിപ്പിനായി വ്യാജ ബില്ലുകൾ തയ്യാറാക്കി നൽകുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. അടയ്ക്ക, പ്ലൈവുഡ്,<br><br>ഇരുമ്പ്, പാഴ് ഉല്പന്ന വ്യാപാരം എന്നീ മേഖലകളിലാണ് മേൽപ്പറഞ്ഞ നികുതി വെട്ടിപ്പുകൾ പ്രധാനമായും കണ്ടെത്തിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട 4 കേസുകളിൽ നിന്നുമായി ജി എസ് ടി നിയമം സെക്ഷൻ 69 പ്രകാരം 6 അറസ്റ്റുകൾ വകുപ്പ് നടത്തിയിട്ടുണ്ട്. ഇതിനു പുറമെ ജി എസ് ടി നിയമം സെക്ഷൻ 122, 74 എന്നിവ പ്രകാരം നികുതി വെട്ടിച്ചവർക്കെതിരെ പിഴ ഈടാക്കൽ, നികുതി നിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട നടപടികൾ വകുപ്പ് സ്വീകരിച്ച് വരുന്നു. ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയ സ്ഥാപനങ്ങളിൽ സെർച്ച് നടത്തി തുടർ നടപടികൾ വകുപ്പ് സ്വീകരിച്ച് വരുന്നു. |
| (ഡി) | സംസ്ഥാനത്ത് വിൽക്കുന്ന ഓരോ സാധനത്തിനും ജി.എസ്.ടി. ബിൽ നൽകുന്നുണ്ടെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ജി.എസ്.ടി നിയമപ്രകാരം വ്യാപാരികൾ കൃത്യമായി ബിൽ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ടെസ്റ്റ് പർച്ചേയ്സ് നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ